No.C2/16201/TC/98

Head Office,
Motor Vehicles Department,
Thiruvananthapuram.
Dated:24.6..2002.

CIRCULAR No.11/2002.

Sub:- M.Vs. Implementation of Road Safety measures - reg.
Ref:- Notification of Transport Commissioner vide No.C2/16201/TC/98 dated 14..6..2002.

The Department has decided to implement the Safety measures in all heavy-medium vehicles so as to prevent fatal road accidents due to the breakage of propellor shaft and hitting of the same on the diesel tank and silencer which causes fire. A Notification has been published in this regard, regarding the precautions to be taken for preventing the same. The same is re-produced below:-

No.സി2/16201/TC/98.

തിരുവനന്തപുരം,
തീയതി 14.6.2002.

വിജ്ഞാപനം.

ഹെവി-മീഡിയം വാഹനങ്ങളുടെ ഗിയർ ബോക്സിനെയും പിൻചക്രങ്ങളെയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രൊപ്പല്ലർ ഷാഫ്റ്റ് അവിചാരിതമായി മുറിഞ്ഞ് വാഹനങ്ങൾ മറിയുന്നതിനോ തീ പിടിത്തത്തിനോ കാരണമാവുകയോ ചെയ്യുന്ന അപകടങ്ങൾ ആവർത്തിക്കുന്ന സാഹചര്യത്തിൽ ഇത്തരം വാഹനങ്ങളിൽ നിർബന്ധമായും താഴെപ്പറയുന്ന സുരക്ഷാ സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.

അതിവേഗത്തിൽ കറങ്ങിക്കൊണ്ടിരിക്കുന്ന ഷാഫ്റ്റ് മുറിയുന്നപക്ഷം അത് റോഡിൽ കുത്തിവീണ് വാഹനത്തിന്റെ നിയന്ത്രണം വിട്ട് മറിയുന്നതിന് കാരണമാകാം. പൊട്ടിയതിനുശേഷവും കറങ്ങിക്കൊണ്ടിരിക്കുന്ന ഷാഫ്റ്റ് ഡീസൽ ടാങ്ക്, സൈലൻസർ എന്നിവയിൽ തട്ടി ഡീസൽ ടാങ്ക് ചോർച്ചയ്ക്കും സൈലൻസറിലെ തീപ്പൊരിയിൽ നിന്നും തീയാളുന്നതിനും സാദ്ധ്യതയുണ്ട്. ഈ സാഹചര്യത്തിൽ പ്രൊപ്പല്ലർ ഷാഫ്റ്റ് മുറിയാൻ ഇടയായാൽ തന്നെ മുറിഞ്ഞ ഭാഗം നിലത്ത് തട്ടാതെ താൽക്കാലികമായി താങ്ങിനിറുത്തുന്നതിന്, പിന്നിലെ പ്രൊപ്പല്ലർ ഷാഫ്റ്റിന്റെ

അടിയിലൂടെ 'U' ആകൃതിയിൽ രണ്ട് ബ്രാക്കറ്റുകൾ എല്ലാം ഹെവി-മീഡിയം വാഹനങ്ങൾക്കും പിടിപ്പിച്ചിരിക്കേണ്ടതാണ്.

പിന്നിലെ പ്രൊപ്പല്ലർ ഷാഫ്റ്റിന്റെ സ്ലിപ്പ് ജോയിന്റിന്റെ താഴെ വരത്തക്കവണ്ണം പിടിപ്പിക്കുന്ന ബ്രാക്കറ്റ് 50 മി.മീ. വീതിയും 6 മി.മീ. കനവുമുള്ള ഉരുക്കു പ്ളാറ്റുകൊണ്ടോ, ആംഗിൾ അയൺ കൊണ്ടോ 'U' ആകൃതിയിൽ നിർമ്മിച്ചതായിരിക്കണം. ബ്രാക്കറ്റിന്റെ ഇരുതലകളും [illegible] ചാസിസ്സിൽ 12 മില്ലിമീറ്ററിൽ കുറയാത്ത ബോൾട്ടും നട്ടും ഉപയോഗിച്ച് ബലമായി ഉറപ്പിച്ചിരിക്കണം.

ഈ സുരക്ഷാ സംവിധാനം ഒരു മാസത്തിനകം എല്ലാ ഹെവി മീഡിയം വാഹനങ്ങളിലും ഏർപ്പെടുത്തേണ്ടതാണ്.

(ഒപ്പ്)
കെ.പി. സോമരാജൻ ഐ.പി.എസ്.
ട്രാൻസ്പോർട്ട് കമ്മീഷണർ

All Officers are directed to implement the instructions contained in the Notification while testing the vehicles for assessing fitness of all medium and heavy vehicles. The instructions will be implemented with effect from 15..7..2002.

Receipt of the circular may be acknowledged.

Transport Commissioner

To

All DTCs/RTOs and Jt.RTOs.

Copy to: Secretary,STA, Sr.DTC (T) , ATO,LO,FO's/F and Spare